# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 265 | 30/11/2015 ൽ മറുപടിക്ക് |
|---|---|

### ബാർകോഴ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ബാർകോഴയുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ ആരോപണ വിധേയരായിട്ടുള്ള മന്ത്രിമാർ ആരൊക്കെയാണ് ; ആരോപണം ഉന്നയിച്ചവർ മജിസ്ട്രേറ്റ് മുമ്പാകെ നല്കിയ മൊഴികളിലും പരാതികളിലും വെളിപ്പെടുത്തലുകളിലുമായി ഏതെല്ലാം മന്ത്രിമാരാണ് കൈക്കൂലി ആവശ്യപ്പെട്ടതായും വാങ്ങിയിട്ടുള്ളതായും പ്രസ്താവിച്ചിട്ടുള്ളത് ; ബാർ ലൈസൻസ് ഫീ കുറയ്ക്കാൻ മന്ത്രി ശ്രീ.കെ.ബാബു എത്ര കോടി കൈക്കൂലി വാങ്ങി എന്നായിരുന്നു ആക്ഷേപം ; | (എ) | 2 പേർ<br>1) ശ്രീ.കെ.എം.മാണി (മുൻ ധനകാര്യ മന്ത്രി)<br>2) ശ്രീ.കെ.ബാബു (എക്സൈസ് വകുപ്പ് മന്ത്രി)<br>ശ്രീ.കെ.ബാബു 10 കോടി രൂപ കൈക്കൂലി വാങ്ങിയെന്നാണ് ആരോപണം |
| (ബി) | എക്സൈസ് മന്ത്രിയ്ക്കെതിരെ, ലഭിച്ച എല്ലാ മൊഴികളും രേഖപ്പെടുത്തുകയും പ്രസ്താവനകളും ശബ്ദരേഖകളും ഉൾപ്പെടെ എല്ലാം കസ്റ്റഡിയിൽ എടുത്ത് അന്വേഷണ സംഘം പരിശോധിക്കുകയും ചെയ്തിട്ടുണ്ടോ ; ആരിൽ നിന്നെല്ലാം മൊഴികൾ എടുക്കുകയുണ്ടായി ; എന്തെല്ലാം രേഖകൾ പിടിച്ചെടുത്തു ; ശേഖരിച്ച തെളിവുകൾ എന്തെല്ലാം ;·മൊഴികൾ പൂർണ്ണമായി രേഖപ്പെടുത്തുകയുണ്ടായില്ലെന്ന ആക്ഷേപത്തിൽ നിലപാട് വെളിപ്പെടുത്താമോ ; | (ബി) | മൊഴികൾ രേഖപ്പെടുത്തിയിട്ടുണ്ട്. ശബ്ദരേഖ ഫോറൻസിക് സയൻസ് ലബോറട്ടറി മുഖാന്തിരം പരിശോധിച്ചിട്ടുണ്ട്. അതിന്റെ പശ്ചാത്തലത്തിൽ ഡയറക്ടർ തീരുമാനമെടുത്തു. മൊഴികൾ രേഖപ്പെടുത്തിയ വ്യക്തികളുടെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.<br>അന്വേഷണ ഉദ്യോഗസ്ഥന് ലഭിച്ച എല്ലാ മൊഴികളും പൂർണ്ണമായും രേഖപ്പെടുത്തിയിട്ടുണ്ട്.<br>ശേഖരിച്ച രേഖകളുടെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ മൊഴികൾ രേഖപ്പെടുത്തിയ സമയങ്ങളിൽ പൂർണ്ണമായി മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രാഥമികാന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തായിരുന്നു ; അതേത്തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; റിപ്പോർട്ടിന്മേൽ ഡയറക്ടറുടെ അന്തിമ നിഗമനം എന്തായിരുന്നു ; ഇതിനു മുമ്പ് നിയമോപദേശം തേടുകയുണ്ടായോ ; എങ്കിൽ ആരിൽ നിന്ന് ; ഇല്ലെങ്കിൽ എന്തുകൊണ്ട് ? | (സി) | ആരോപണ വിധേയനെതിരെ അഴിമതി നിരോധന നിയമപ്രകാരം പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്ത് അന്വേഷിക്കാനുതകുന്ന മെറ്റീരിയൽസ് ലഭ്യമല്ല എന്നതാണ് കണ്ടെത്തൽ. അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തലുകളോട് യോജിച്ചുകൊണ്ട് തുടരന്വേഷണം ആവശ്യമില്ല എന്ന നിഗമനം വിജിലൻസ് ഡയറക്ടർ ശരിവച്ചു. ഇതിന് മുൻപ് നിയമോപദേശം തേടിയിട്ടില്ല |
| (ഡി) | ബാർകോഴക്കേസ് അന്വേഷണവുമായി ബന്ധപ്പെട്ട് വിജിലൻസിൽ ഇതിനകം ലഭിച്ച എല്ലാ തെളിവുകളുടെയും പുതിയ വെളിപ്പെടുത്തലുകളുടെയും അടിസ്ഥാനത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ തയ്യാറാകാതിരുന്നത് എന്തുകൊണ്ടാണ് ; | (ഡി) | പ്രഥമദൃഷ്ട്യാ കേസ് രജിസ്റ്റർ ചെയ്യേണ്ട ആവശ്യത്തിലേക്ക് ഉതകുന്ന മെറ്റീരിയൽസ് ലഭിച്ചിട്ടില്ല. |
| (ഇ) | അന്വേഷണ ഘട്ടത്തിൽ ആരോപണ വിധേയരായ എല്ലാ മന്ത്രിമാരെയും തൽസ്ഥാനങ്ങളിൽ നിന്ന് മാറ്റി നിർത്തിയിട്ടുണ്ടോ ; അന്വേഷണം നേരിടുന്ന ഏതെല്ലാം മന്ത്രിമാരാണിപ്പോൾ മന്ത്രിസഭയിൽ തുടരുന്നത് ? | (ഇ) | ബാർകോഴയിൽ അന്വേഷണം നേരിടുന്ന മന്ത്രിമാർ ആരും ഇല്ല. മുൻ ധനകാര്യമന്ത്രി ശ്രീ.കെ.എം.മാണിക്കെതിരായി അന്വേഷണം നടന്നു വരുന്നു. ശ്രീ.കെ.ബാബുവിനെതിരെ പ്രാഥമിക അന്വേഷണം നടത്തി കേസ് രജിസ്റ്റർ ചെയ്യാൻ വേണ്ട മെറ്റീരിയൽസ് ഇല്ലാത്തതിനാൽ തുടർ നടപടികൾ അവസാനിപ്പിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

1. ശ്രീ. ബിജു രമേശ്, വഞ്ചിയൂർ, തിരുവനന്തപുരം.
2. ശ്രീ.അജിത് കുമാർ.എ., സെക്രട്ടറി ടു ഗവർണർ ഓഫ് കേരള.
3. ശ്രീ.അനിൽ.എക്സ്.ഐ.എ.എസ്., എക്സൈസ് കമ്മീഷണർ.
4. ശ്രീ.ജോഗേഷ്.ഐ.പി.എസ്., സ്പെഷ്യൽ കോ-ഓർഡിനേറ്റർ, നാഷണൽ ഗെയിംസ്, തിരുവനന്തപുരം.
5. ശ്രീ.ആർ.സുകേശൻ, പോലീസ് സൂപ്രണ്ട്, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് – I, തിരുവനന്തപുരം.
6. ശ്രീ.കൃഷ്ണദാസ്, പോലകളത്ത് ഹൗസ്, എറണാകുളം.
7. ശ്രീ.എം.ഡി.ധനേഷ്, മേത്താനത്ത് ഹൗസ്, എറണാകുളം.
8. ശ്രീ.രാജകുമാർ ഉണ്ണി, കൊച്ചു വിള, കൊല്ലം.
9. ശ്രീ.ജോൺ കല്ലാട്ട്, തളിപറമ്പ്.പി.ഒ., കണ്ണൂർ.
10. ശ്രീ. ജോസ് പ്രദീപ്, വലിയ പറമ്പിൽ ഹൗസ്, എറണാകുളം.
11. ശ്രീ.സന്തോഷ്, ശാസ്തമംഗലം, മൂവാറ്റുപുഴ.
12. ശ്രീ.കാർത്തികേയകുമാർ, ശന്തഭവാൻ, തിരുവനന്തപുരം.
13. ശ്രീ.മുഹമ്മദ് റസീഫ്, ഹൗസ് നമ്പർ 42, തിരുവനന്തപുരം.
14. ശ്രീ.കെ.ആർ.രാധാകൃഷ്ണൻ, പൗർണ്ണമി ഹൗസ്, തിരുവനന്തപുരം.
15. ശ്രീ.കെ.എം.മൈക്കിൾ, ഓഡിറ്റ് ഓഫീസർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, എറണാകുളം.
16. ശ്രീ.പോളി ജോസഫ്, വാളൂരാൻ ഹൗസ്, എറണാകുളം.
17. ശ്രീ.വിനു വിജയൻ, പുത്തൻവീട്ടിൽ ഹൗസ്, എറണാകുളം.
18. ശ്രീ.സി.ഡി.ജോഷി, ചേരകുളം ഹൗസ്, തൃശ്ശൂർ.
19. ശ്രീ.ബൈജു, നരികുളത്തിൽ ഹൗസ്, വടകര, കോഴിക്കോട്.
20. ശ്രീ.പി.കെ.ഡേവിസ്, പത്താടൻ ഹൗസ്, അങ്കമാലി.

(.....3/-)

21. ശ്രീ.ടോമി ജോസഫ്, ചേരക്കോട്ട് ഹൗസ്, മൂവാറ്റുപുഴ.

22. ശ്രീ.ബിനോയ് ജോസഫ്, പ്രവിത്താനം, പാല.

23. ശ്രീ.ആർ.സുരേഷ്, ഗീത്, തൈക്കാട്, തിരുവനന്തപുരം.

24. ശ്രീ.പി.എം.ജോൺ, പുള്ളുചേരി, പുത്തൻവീട്ടിൽ ഹൗസ്, പത്തനംതിട്ട.

25. ശ്രീ.കെ.സി.ജോസ്, കത്തിയതോട് ഹൗസ്, തിരുവനന്തപുരം.

26. ശ്രീ.സാജൻ വർഗ്ഗീസ്, കാഞ്ഞിരകോട്ട്, തിരുവനന്തപുരം.

27. ശ്രീ.എബ്രഹാം പുന്നൂസ്, ആശീർവാദ് ഹൗസ്, കോട്ടയം.

28. ശ്രീ.സുധീർ, കോലത്ത് ഹൗസ്, ഒല്ലൂർക്കര, തൃശ്ശൂർ.

29. ശ്രീ.സുനിൽ കുമാർ, പ്രവീൺ കോട്ടേജ്, തിരുവനന്തപുരം.

30. ശ്രീ.ടി.പി.വാസുദേവൻ, താഴെപടിക്ക ഹൗസ്, കണ്ണൂർ.

31. ശ്രീ.ടി.വിവേക് രാം, സാവിത്രി നിവാസ്, കണ്ണൂർ.

32. ശ്രീ.ജിന്മോൻ ജോൺ, മഠത്തിൽ ഹൗസ്, ഇടുക്കി.

33. ശ്രീ.സതീഷ് കുമാർ, മുണ്ടാക്കോട് കലം, പാലക്കാട്

34. ശ്രീ.അഡ്വക്കേറ്റ് ഷൈൻ, പടിപ്പുരയിൽ ഹൗസ്, കൊല്ലം.

35. ശ്രീ.അനിൽ, അരമന ഹൗസ്, മലപ്പുറം.

36. ശ്രീ.ജയറാം @ ദീപു, വൃന്ദാവനം ഹൗസ്, തൊടുപുഴ.

അന്വേഷണ ഉദ്യോഗസ്ഥന് ലഭിച്ച എല്ലാ മൊഴികളും പൂർണ്ണമായും രേഖപ്പെടുത്തിയിട്ടുണ്ട്.

അനുബന്ധം 2

ശേഖരിച്ച രേഖകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ആരോപണ വിധേയനായ മന്ത്രിയുടെ ഓഫീസിൽ വച്ച് 04.02.2013-ൽ ഒഫീഷ്യൽസും കെ.ബി.എച്ച്.എ. പ്രതിനിധികളും സംബന്ധിച്ച പ്രീ ബഡ്ജറ്ററി മീറ്റിംഗ് മിനിറ്റ്സിന്റെ പകർപ്പ്.
2. വി.സി. 06/2014/എസ്.ഐ.യു-1-ന്റെ അന്വേഷണവേളയിൽ എടുത്ത ശ്രീ. ബിജു രമേശിന്റെ രണ്ട് മൊഴികളുടെ പകർപ്പ്.
3. 29.02.2012 മുതൽ 06.11.2014 വരെയുള്ള കെ.ബി.എച്ച്.എ. യുടെ മീറ്റിംഗ് മിനിറ്റ്സിന്റെ പകർപ്പ്.
4. 2012 -13, 2013-14, 2014-15 എന്നീ വർഷങ്ങളിലെ കെ.ബി.എച്ച്.എ. യുടെ കാഷ് ബുക്കിന്റെ കോപ്പി.
5. 2012 -2013, 2013-2014, 2014-2015 എന്നീ വർഷങ്ങളിലെ കെ.ബി.എച്ച്.എ. യുടെ കാഷ് ബുക്കിന്റെ കോപ്പികളുടെ പരിശോധനാ റിപ്പോർട്ട്.
6. ഡബ്ല്യു.പി.(സി). 14116/2015 - ന്റെ കോപ്പി.
7. ആർ. സുരേഷിന്റെയും മറ്റ് അഞ്ച് പേരുടെയും ഫോട്ടോഗ്രാഫുകൾ.
8. ആരോപണ വിധേയനായ മന്ത്രിയുടെ ഓഫീസിൽ വച്ച് 06.03.2013-ൽ ബാർ ലൈസൻസ് ഫീയെ സംബന്ധിച്ചുള്ള തീരുമാനം അടങ്ങിയ മീറ്റിംഗ് മിനിറ്റ്സിന്റെ പകർപ്പ്.
9. ഇപ്പോഴത്തെ യു.ഡി.ഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി അനുവദിച്ച ബാർ ആന്റ് ബിയർ പാർലർ ലൈസൻസുകളുടെ വിവരങ്ങൾ.

അന്വേഷണ ഉദ്യോഗസ്ഥൻ മൊഴികൾ രേഖപ്പെടുത്തിയ സമയങ്ങളിൽ പൂർണ്ണമായി മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്.